K26FY1378 Pages: 2 Reg No:.................

Name:.................

**Second Semester FYUGP Degree (Reg/Sup/Imp) Examination**

**April 2026**

**KU2DSCMAL108 - PRAVASAVUM SAHITHYAVUM**

2024 Admission onwards

Time : 1.5 hours Maximum Marks : 50

## Section A

**Answer any 6 questions. Each carry 2 marks.**

1. സയ്യിദ് മുസ്തഫ മകന് അയച്ച എഴുത്തിന്റെ ഉള്ളടക്കമെന്ത്?
2. "കണ്ണീർക്കയത്തിൽ മുങ്ങിത്താഴുന്ന നിസ്സഹായയായ ഒരു സ്ത്രീയുടെ ചിത്രം എന്റെ ഭാവനയിൽ വിടർന്നു വന്നു " -ആന്റണിക്ക് ഇങ്ങനെ അനുഭവപ്പെട്ടതെപ്പോൾ?
3. ജയിൽപ്രവേശനത്തിനായി നജീബും ഹമീദും നടത്തിയ ശ്രമങ്ങൾ വിവരിക്കുക.
4. "ലോകത്തിൽ ഒരു കലാകാരനും പുനരാവിഷ്ക്കരിക്കാൻ കഴിയാത്ത ജീവിതത്തിന്റെ ഒരു പച്ച നിമിഷം! "" -ഹമീദിന്റെ ജീവിതത്തിലെ ഏതവസ്ഥയാണ് നോവലിസ്റ്റ് ഇവിടെ വ്യക്തമാക്കുന്നത്?
5. ആന്തരികപ്രവാസം (internal Migration) എന്നാലെന്ത്?
6. 'ഉദരത്തിൻ പശി കെട്ടത്താൻ പോയ് ഞങ്ങൾ, • ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു '-ആശയം വ്യക്തമാക്കുക
7. ഒരു മനുഷ്യൻ എന്ന കഥയിൽ പർവ്വതത്തിന് താഴെയുള്ള നഗരത്തിൽ കഥാനായകൻ കണ്ടെത്തിയ ഉപജീവനമാർഗം എന്തായിരുന്നു?
8. "ഒരാളെ മാത്രം ഡിപ്പെൻറ് ചെയ്ത് മുന്നോട്ട് പോവുക എന്നു പറഞ്ഞാൽ അത് ഒരു പ്രസ്ഥാനത്തിന്റെ കഴിവുകേടാണ് " - ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാൻ കാരണമെന്ത്?

## Section B

**Answer any 4 questions. Each carry 6 marks.**

9. " കഴിവുള്ള കാലം കളഞ്ഞിനി തീർക്കേണ്ട
യാത്ര തിരിക്കുമല്ലോ?" ഈ വരികളിൽ ഉൾക്കൊള്ളുന്ന മനോഭാവം എന്തെന്ന് വിശദമാക്കുക.
10. പ്രവാസം സവിശേഷമായ മനുഷ്യാനുഭവമാണ് - കത്തു പാട്ടിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.
11. "അമ്മയില്ലാത്തവർക്കുള്ള വീട്? ഇല്ല വീട്, എങ്ങെങ്ങുമേ വീട്'" - പ്രവാസാനുഭവങ്ങളുമായി ബന്ധിപ്പിച്ച് വരിയുടെ ആശയം ചർച്ച ചെയ്യുക.
12. പ്രവാസം സങ്കീർണ്ണമായ സാമൂഹികപ്രശ്നമായി മാറുന്നതെങ്ങനെ?



13. 'ഫോൺ ഓഫ് ചെയ്ത് സ്വന്തം ഹൃദയത്തെ തലയണയോട് ചേർത്ത് വെക്കുമ്പോൾ ഭുവനേശ്വറിലെ വീട്ടിൽ കാലത്ത് വണ്ടിവരുന്നതും കാത്ത് ഉറങ്ങാതെ കാത്തിരിക്കുന്ന അരുണയെ അയാൾ മറന്നുപോയിരുന്നു '- ശ്വാസം എന്ന കഥയിലെ ഈ വരികൾ വികാസിന്റെ ജീവിതത്തിൽ എത്രമാത്രം പ്രാധാന്യം അർഹിക്കുന്നു എന്ന് വിശകലനം ചെയ്യുക.
14. • "എവിടെയാ നിന്റെ നാട്'"?. അയാൾ ചോദിച്ചു. • " നന്ദിഗ്രാം" - സന്ദർഭവും രാഷ്ട്രീയധ്വനികളും വിശദമാക്കുക:

## Section C

**Answer any 1 questions. Each carry 14 marks.**

15. പ്രവാസികളുടെ ആശയവിനിമയ മേഖലയിൽ വൈവിധ്യമായ വിഷയങ്ങൾ അവതരിപ്പിക്കുന്ന കത്തുകളുടെ പ്രധാന്യം 'അടിമകളും പെൺവിയർപ്പും കത്തിച്ചുകളഞ്ഞ പ്രവാസികത്തുകളും എന്ന ലേഖനത്തിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
16. തൊഴിൽപ്രവാസത്തിന് സങ്കീർണവും ഭീകരവുമായ അനുഭവതലമുണ്ട്.'ആടുജീവിതം' എന്ന നോവലിനെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.